LIBRARY ARCHIVES Kerala Legislative Assembly

ടെണ്ടർ നടപടികളിലെ കാലതാമസം

7(2363) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിൽ നിലവിലെ നിരക്ക് മാറ്റി നൽകാത്തതുകാരണം ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

Delhi schedule of Rates-നെ അടിസ്ഥാനമാക്കി Cost Index അനുസരിച്ചാണ് വിവിധ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. Delhi schedule of Rates (DSR) 2018/ Kerala Schedule of Rates നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. എല്ലാ വർഷവും മൂന്നുമാസം കൂടുമ്പോൾ സാധന സാമഗ്രികളുടെ Local Market Rate പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റി അവലോകനം ചെയ്ത് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പാഠശാല മണ്ഡലത്തിലെ പ്രവൃത്തികൾ

8(2364) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ പാഠശാല നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾക്ക് കീഴിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയെത്ര; എഗ്രിമെന്റ് വച്ച തീയതിയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ളവയും പൂർത്തീകരിക്കാനുള്ളവയും ഏതൊക്കെയാണെന്നും അവയുടെ കാലതാമസത്തിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ;

&

(സി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിനു കീഴിൽ 2018-19 സാമ്പത്തിക വർഷത്തെ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ഉദിയൻകുളങ്ങര-ധനുവച്ചപുരം-പാങ്കോട്ടുകോണം-മലയിൽകട-വടകര-മാരായമുട്ടം-അരുവിപ്പുറം-അയിരൂർ റോഡിന്റെ (11 കി.മീ.) പുനരുദ്ധാരണ പ്രവൃത്തിക്ക് 11 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രവൃത്തിയുടെ കരാറുകാരൻ കോവിഡുമൂലം മരണപ്പെടുകയും തൻമൂലം കരാർ അവസാനിപ്പിക്കുകയും ബാക്കി പ്രവൃത്തികൾക്ക് പുതിയ കരാർ ഉടമ്പടി ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 22-8-2021 വരെയാണ്. പാലം വിഭാഗത്തിനുകീഴിൽ 23-2-2012 എഗ്രിമെന്റ് തീയതിയായ മൂന്നാറ്റുമുക്ക് പാലം (1100 ലക്ഷം രൂപ), 23-5-2015 എഗ്രിമെന്റ് തീയതിയായ കള്ളിക്കാട് പാലം (975 ലക്ഷംരൂപ), 5-8-2015 എഗ്രിമെന്റ് തീയതിയായ കിഴാവൂർ കടവ് പാലം (1275 ലക്ഷം രൂപ) എന്നിവ പൂർത്തിയായിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച രണ്ട് പാലങ്ങളുടെ പ്രവൃത്തിയാണുള്ളത്. അതിൽ പ്ലാമ്പഴിഞ്ഞി പാലത്തിന്റെ പണി പുരോഗമിക്കുകയാണ്. ഡിസംബറോടുകൂടി പൂർത്തിയാകുന്നതാണ്. മറ്റൊന്നായ വേങ്കോട് മുള്ളലിവിള പാലത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. നിരത്തു വിഭാഗത്തിനു കീഴിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികളിൽ ആരംഭിക്കാനുള്ള ഒരു പ്രവൃത്തിയുണ്ട്. പരശുവയ്ക്കൽ - ആലംപാറ-കുണ്ടുവിള -ചിറക്കോണം- പവതിയാൻവിള റോഡ് BM & BC പ്രവൃത്തി ടെണ്ടർ നടപടിയിലാണ്. കുതാളി - പന്നിമല, മൈലച്ചൽ കോരണംക്കോട് എന്നീ പ്രവൃത്തികൾ കരാറുകാരുടെ അനാസ്ഥ കാരണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. നിരത്തു, കെട്ടിട, വിഭാഗങ്ങൾക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I* ആയി ചേർക്കുന്നു.

(ഡി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയ ശേഷം നടപ്പാക്കാനാകാത്ത പദ്ധതികളുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

നിരത്തു വിഭാഗത്തിനുകീഴിൽ പാറശ്ശാല പനച്ചമൂട് റോഡ് നവീകരണത്തിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നെങ്കിലും മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്നതിനാൽ പ്രസ്തുത പദ്ധതി ഉപേക്ഷിച്ചിട്ടുണ്ട്.

(ഇ) മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് അനുമതി ലഭിച്ച അമരവിള-ശ്രീരവക്കാണി റോഡ്, പശുവണ്ണറ-അരുവിക്കര റിംഗ് റോഡ്, കൂടുവീട്ടുകടവ്, കുമ്പിച്ചൽകടവ് പാലങ്ങൾ, മലയോര ഹൈവേ കടപ്പനമൂട്-വാഴിച്ചൽ റീച്ച് എന്നിവയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

കിഫ്ബി വിഭാഗത്തിനുകീഴിലെ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. *

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.